4623

<u>വളരെ അടിയന്തിരം</u>

നം.പി.എൽ.2/78450/2018/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 20.06.2018.

പ്രേഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - സ്വച്ഛ വിദ്യാലയ പുരസ്കാർ 2017-2018- സ്കൂൾ പരിശോധന - സംബന്ധിച്ച്.

സൂചന:- എം.എച്ച്.ആർ.ഡി.യിൽ നിന്നും ലഭിച്ച 27.04.2018-ലെ എഫ്.27-11/2017-15.09 (part) നമ്പർ കത്ത്.

********

2017-18 വർഷത്തെ സ്വച്ഛ വിദ്യാലയ പുരസ്കാർ ദേശീയതല അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് എം. എച്ച്. ആർ.ഡി യിൽ നിന്നുള്ള ഉദ്യോഗസ്ഥർ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സന്ദർശനം നടത്തുന്നതായി അറിയിച്ചിരിക്കുന്നു.

2018 മെയ് മാസം മുതൽ ആരംഭിക്കുമെന്ന് അറിയിച്ചിരിക്കുന്ന ഈ സന്ദർശനത്തിൽ സ്കൂളുകളുടെ ഭൗതികമായ സാഹചര്യം, അവിടെ ലഭ്യമായ സൗകര്യങ്ങൾ, അന്തരീക്ഷം, പരിസര ശുചിത്വം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ തുടങ്ങിയ വസ്തുതകൾ നേരിൽ ബോധ്യപ്പെടുന്നതിനും വിദ്യാർത്ഥികളും അധ്യാപകരുമായി സംവദിക്കാനുമാണ് ലക്ഷ്യമാക്കുന്നത്.

ഈ സാഹചര്യത്തിൽ താങ്കളുടെ അധികാരപരിധിയിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ടതും മികച്ച നിലവാരത്തിലുള്ളതുമായ ഗവൺമെന്റ്/എയ്ഡഡ്/ പ്രൈവറ്റ് സ്കൂളുകളിൽ മേൽ സൂചിപ്പിക്കപ്പെട്ട എല്ലാ ഘടകങ്ങളും കാര്യക്ഷമമായി പരിപാലിക്കപ്പെടുന്നുണ്ടെന്ന് ബോധ്യപ്പെട്ട്, മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിന് വേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്നും കേന്ദ്രസംഘത്തിന്റെ സന്ദർശനത്തിന് വേണ്ടുന്ന എല്ലാ സൗകര്യവും ഉറപ്പാക്കണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസഅഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

എസ്.എൽ.